പ്രകാശവചനം

അബൂ ഹംദാൻ അൽഐൻ

# സ്വർഗം നേടിത്തരുന്ന മാതാപിതാക്കൾ

عَنْ مُعَاذ بْنُ أَنَسٍ رَضِيَ اللَّهُ عَنْهُ قَالَ: قَالَ النَّبِي ﷺ مَنْ بَرَّ وَالِدَيْهِ طُوبَى لَهُ زَادَ اللَّهُ عَزَّوَجَلَّ فِي عُمُرِهِ

**നബി(സ) പറഞ്ഞു: ആർ തന്റെ മാതാപിതാക്കൾക്ക് പുണ്യം ചെയ്യുന്നുവോ അവന് ശുഭവാർത്ത അറിയിക്കട്ടെ. അല്ലാഹു അവന് ദീർഘായുസ് നൽകുന്നതാണ് (ത്വബ്റാനി).**

കുടുംബ സുഹൃദ് ബന്ധങ്ങളെയെല്ലാം പണത്തിന്റെയും ലാഭേഛയുടെയും കോണിലൂടെ നോക്കിക്കാണുന്ന കാലമാണിത്. ഒന്ന് പുഞ്ചിരിക്കുന്നത് പോലും തനിക്കെന്ത് ലഭിക്കും എന്ന് ഉരച്ചു നോക്കിയാണ്. തിരിച്ചൊന്നും പകരം നൽകാൻ കഴിയാത്തതിനാൽ സമൂഹത്തിലെ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന വിഭാഗമായി മാറിയിരിക്കുകയാണ് വൃദ്ധമാതാപിതാക്കൾ.

വിശുദ്ധ ഖുർആനും തിരുസുന്നത്തും മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ മഹത്തായ കർമമായാണ് ഗണിച്ചിട്ടുള്ളത്. തന്നെ ഇബാദത്ത് ചെയ്യാൻ അല്ലാഹു ആജ്ഞാപിച്ചതിനു തൊട്ടുടനെ പറയുന്നത് മാതാപിതാക്കൾക്ക് സേവനം ചെയ്യാനാണ് (*സൂറ: അൽഇസ്റാഅ്*). മാതാപിതാക്കൾക്ക് പുണ്യം ചെയ്യുന്നവർക്ക് ആയുസ്സ് ദീർഘിപ്പിച്ചു നൽകുമെന്ന സന്തോഷ വാർത്തയാണ് ഈ നബിവചനം പങ്കുവെക്കുന്നത്.

മാതാപിതാക്കളെ അവഗണിക്കുന്നത് ഈ ലോകത്ത് വെച്ചും ശിക്ഷ ലഭിച്ചേക്കാവുന്ന കൊടിയ പാതകമായേക്കാം. സാത്വികനായ ജുറൈജിനു പോലും സമൂഹ മധ്യത്തിൽ മാനഹാനി നേരിട്ടത് തന്റെ മാതാവിന്റെ മനസ്സ് വേദനിപ്പിച്ചതിനാലാണ്. മാതാപിതാക്കൾക്ക് സേവനം ചെയ്യാതിരിക്കുന്നത് ഏഴ് വൻ പാപങ്ങളിലൊന്നാണ്. ഹിജ്റക്ക് സന്നദ്ധനായി വന്ന സ്വഹാബി, തന്റെ മാതാപിതാക്കൾ യാത്രാ വിവരം അറിഞ്ഞ് കരയുകയാണെന്നറിയിച്ചപ്പോൾ സ്നേഹനിധിയായ പ്രവാചകൻ കോപാകുലനായിക്കൊണ്ട് പറഞ്ഞു: "നീ അവരിലേക്ക് ചെല്ലുക; നീ കരയിപ്പിച്ചതിന് പകരമായി അവരെ സന്തോഷിപ്പിക്കുക."

ഒരിക്കൽ അബ്ദുല്ലാഹിബ്നു ഉമർ(റ) ത്വയ്സലതുബ്നു മയ്യാസി(റ)നോട് ചോദിച്ചു: 'നീ നരകത്തിൽ നിന്ന് രക്ഷപ്പെടാനും സ്വർഗത്തിൽ പ്രവേശിക്കാനും ആഗ്രഹിക്കുന്നുണ്ടോ?' ത്വയ്സല പറഞ്ഞു: 'അതെ.' നിന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ? ഇബ്നു ഉമർ തിരിച്ചുചോദിച്ചു. ഉമ്മ മാത്രമാണ് ജീവിച്ചിരിക്കുന്നതെന്ന് അറിയച്ച ത്വയ്സലയോട് ഇബ്നു ഉമർ പറയുന്നത് ഇപ്രകാരമാണ്. 'അല്ലാഹുവാണ! നീ മാതാപിതാക്കളോട് മൃദുലമായി പെരുമാറുക, അവർക്ക് ഭക്ഷണം നൽകുക, ശേഷം വൻപാപങ്ങളിൽനിന്ന് മാറിനിൽക്കുകയും ചെയ്യുക, എന്നാൽ നീ സ്വർഗത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും, തീർച്ച.'

മാതാപിതാക്കൾക്ക് സൗകര്യങ്ങളുള്ള വൃദ്ധസദനങ്ങൾ കണ്ടെത്തിയോ അവർക്ക് വേണ്ടത്ര സേവകരെ വെച്ച് കൊണ്ടോ തീർക്കേണ്ടതല്ല അവരോടുള്ള കടപ്പാട്. മക്കളോടും പേരക്കുട്ടികളോടും ഒന്നിച്ചുള്ള സഹവാസമാണ് അവർ തേടുന്നത്. മാതാപിതാക്കളെ ശപിക്കുന്നവരെ അല്ലാഹു ശപിച്ചതായി മറ്റൊരു ഹദീസിൽ കാണാം.

ഒരിക്കൽ യുദ്ധത്തിൽ പങ്കെടുക്കാൻ ഒരുങ്ങി വന്ന സ്വഹാബിയോട് നബി(സ) ചോദിച്ചു: "നിന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ?" 'അതെ' അദ്ദേഹം പറഞ്ഞു. നബി(സ) പറഞ്ഞു: "നീ അവരുടെ അടുത്തേക്ക് പോവുക. അവരെ സേവിക്കുക. അതിലാണ് നിന്റെ ജിഹാദ്." ഹിജ്റ, ജിഹാദ് തുടങ്ങിയ ഇസ്ലാമിന്റെ സുപ്രധാനവും നിർണായകവുമായ സംരംഭങ്ങളിൽനിന്ന് സ്വഹാബികളെ വിലക്കിക്കൊണ്ട് തിരിച്ചയക്കുന്നത്, മാതാപിതാക്കൾക്ക് പുണ്യം ചെയ്യാനും അവരുടെ കൂടെ സഹവസിക്കാനുമാണ്.

മക്കളെ വളർത്തലും സ്നേഹിക്കലുമൊക്കെ എല്ലാ ജീവികളിലും അന്തർലീനമായ നൈസർഗിക ചോദനയാണ്. എന്നാൽ മാതാപിതാക്കളെ പരിചരിക്കുക, ശുശ്രൂഷിക്കുക തുടങ്ങിയ കാര്യങ്ങൾ ദൈവം മനുഷ്യരോട് മാത്രം ആജ്ഞാപിക്കുന്ന കടമകളാണ്. ■